## കേരള വനം- വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ ഐ.എഫ്.എസ്.

വിഷയം :- വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ കാര്യാലയത്തിലെ തസ്തിക പുനർവിന്യസിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1 ജി.ഒ(എം.എസ്) 33/2019/ F&WLD തീയതി 26-12-2019

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റീജിണൽ നോർത്ത് കോഴിക്കോടിന്റെ 25.10.2019, 25.11.2019 എന്നീ തീയതിയിലെ CCF/RN/2019 നമ്പർ കത്തുകൾ.

**ഉത്തരവ് നമ്പർ ഇ3-2037/2020 തീയതി 22.06.2020**

കോഴിക്കോട് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ എക്സ് കേഡർ തസ്തിക നിർത്തലാക്കിക്കൊണ്ടും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) തസ്തികയുടെ ആസ്ഥാനം കോഴിക്കോട്ടേക്ക് മാറ്റിക്കൊണ്ടും സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നോർത്തേൺ റീജിയൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ് 05.01.2000 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4486/2010/GAD തീയതി 14.06.2010 പ്രകാരം ടി ഓഫീസ് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയി ഉയർത്തുകയുണ്ടായി. റീജിയണൽ നോർത്തിന്റെ ഭരണപരമായ അധികാരപരിധിയിന്മേൽ നോർത്തേൺ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ, സെൻട്രൽ സർക്കിൾ എന്നീ ഓഫീസുകളാണ് ഉണ്ടായിരുന്നത്. ടി സർക്കിളുകളിലെ വനം സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും മേൽനോട്ട ചുമതല, വർക്ക് എസ്റ്റിമേറ്റുകളുടെ സൂക്ഷ്മ പരിശോധന, പാസ്സാക്കൽ എന്നിവയും, വകുപ്പ് ആസ്ഥാനത്തിന് അകലെയുള്ള സംസ്ഥാനത്തിന്റെ വടക്ക് ഭാഗത്ത് ഫലപ്രദമായ നിയന്ത്രണം ചെലുത്തുക എന്നീ പ്രവർത്തനങ്ങൾക്കായാണ് ടി ഓഫീസ് പ്രവർത്തനം ആരംഭിച്ചത്.

നിലവിൽ സർക്കിളുകളുടെ ചുമതല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കായതിനാൽ മേൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും അതാത് സർക്കിളിൽ തന്നെ ചെയ്യുന്നതുകൊണ്ട് ഓഫീസിന്റെ പ്രവർത്തനത്തിൽ കാര്യമായ വ്യത്യാസം സംഭവിച്ചിട്ടുണ്ടെന്നും, നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരെ ജോലിഭാരം കൂടുതലുള്ള മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കണമെന്നും സൂചന (2) പ്രകാരം റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സൂചന പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്. റീജിയണൽ നോർത്ത്

ഓഫീസിൽ 13 തസ്തികകളിലായി ചുവടെ ചേർത്ത പ്രകാരം 21 ജീവനക്കാരാണ് നിലവിൽ ഉള്ളത്.

| | |
|---|---|
| അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 1 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ & ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 | 1 |
| സീനിയർ ക്ലർക്ക് | 4 |
| ക്ലർക്ക് | 4 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 3 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| ഡ്രൈവർ | 1 |
| ആകെ | 21 |

ടി വിഷയം വിശദമായി പരിശോധിച്ചു. ജോലിയുടെ സ്വഭാവം വ്യത്യസ്തമായതിനാൽ റീജണൽ നോർത്ത് അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ തസ്തികകൾ അതുപോലെ പുതുതായി രൂപീകരിച്ച അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ഓഫീസിൽ തുടരേണ്ട സാഹചര്യം നിലവിൽ ഇല്ല. അതിനാൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ഓഫീസിൽ ആവശ്യമായ തസ്തികകൾ നിലനിർനിർത്തി അവശേഷിക്കുന്ന തസ്തികകൾ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിക്കാവുന്നതാണ്.

കോഴിക്കോട് ഡിവിഷനിൽ മലബാർ വന്യജീവി സങ്കേതം, കടലുണ്ടി / വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയുമായി ബന്ധപ്പട്ട പ്രവർത്തനങ്ങൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ, നിക്ഷിപ്തവനങ്ങൾ, വനാതിർത്തി നിർണ്ണയം, ജണ്ട നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട നിരവധി വ്യവഹാരങ്ങൾ, കൃഷിനാശവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര അപേക്ഷ തീർപ്പാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ കോഴിക്കോട് ജോലിഭാരവും ജീവനക്കാരുടെ അഭാവവും കണക്കിലെടുത്ത് ഏതാനും തസ്തികകൾ കോഴിക്കോട് ഡിവിഷനിലും അവശേഷിക്കുന്ന തസ്തികകൾ കണ്ണൂർ സർക്കിളിനു കീഴിലെ മറ്റ് ഓഫീസുകളിലേക്കും ഭരണപരമായ സൗകര്യർത്ഥം സർക്കാർ അംഗീകാരത്തിന് വിധേയമായി ചുവടെ പറയും പ്രകാരം പുനർ വിന്യസിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| ഹെഡ് അക്കൗണ്ടന്റ് | O/o.വൈൽഡ് ലൈഫ് വാർഡൻ, ആറളം സാങ്ച്വറി. |
| സീനിയർ ക്ലർക്ക് | O/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്. |
| ക്ലർക്ക് -2 | O/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്. |
| ഗ്രേഡ് I ഡ്രാഫ്റ്റ്സ്മാൻ | O/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്. |

പുനർവിന്യസിക്കപ്പെട്ട തസ്തികകളിൽ സ്ഥലം മാറ്റുന്നത് നിലവിലെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണ്. ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികകളുടെ സ്ഥലം മാറ്റം കണ്ണൂർ, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തേണ്ടതാണ്.

പുനർവിന്യാസം സംബന്ധിച്ച് താൽക്കാലികമായി പുറപ്പെടുവിച്ച ഈ ഉത്തരവ് സർക്കാർ അനുമതിയ്ക്ക് വിധേയമായിട്ടായിരിക്കും.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

പകർപ്പ്:
1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പിന് (ആമുഖ കത്ത് മുഖേന) സമർപ്പിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന് നൽകുന്നു.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂരിന് തുടർനടപടികൾ സ്വീകരിക്കുന്നതിനായി നൽകുന്നു.
4. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് അറിവിലേയ്ക്കായി നൽകുന്നു.